മേൽപ്പറഞ്ഞ രണ്ട് പദ്ധതികൾ പ്രകാരവും ഭവന നിർമ്മാണത്തിനായി തെരഞ്ഞെടുക്കപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് വീടൊന്നിന് 35,000 രൂപ സൗജന്യമായി നൽകി വരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ ധനസഹായത്തോടെയുള്ള ഭവന നിർമ്മാണ പദ്ധതിപ്രകാരം 1242 വീടുകളുടെ നിർമ്മാണവും, പത്താം ധന കാര്യ കമ്മിഷൻ അവാർഡ് പ്രകാരമുള്ള ബെറ്റർ ഹൗസിംഗ് സ്കീം മുഖേന 1794 വീടുകളുടെ നിർമ്മാണവും പൂർത്തിയാക്കിയിട്ടുണ്ട്.

(സി) സ്ഥിതിവിവര കണക്കുകൾ ശേഖരിച്ചു കൊണ്ടിരിക്കുന്നു.

(ഡി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മത്സ്യത്തൊഴിലാളികൾക്ക് പരമാവധി വീടുകൾ ലഭ്യമാക്കാനാണുദ്ദേശിക്കുന്നത്.

(ഇ) 1991-92 മുതൽ ആരംഭിച്ച് ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ ധനസഹായത്തോടെയുള്ള ഭവന നിർമ്മാണ പദ്ധതി മുഖേന ഇതുവരെ 4626 മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്.

19 (*249) പ്രസ്സുകളുടെ നവീകരണം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ പ്രസ്സുകളുടെ നവീകരണം സംബന്ധിച്ച് പഠിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയമിക്കുകയുണ്ടായോ;

(ബി) എങ്കിൽ എന്നാണ് നിയമിച്ചതെന്നും ആരെല്ലാമാണ് അതിലെ അംഗങ്ങൾ എന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തെല്ലാമാണ് അതിലെ ശുപാർശകൾ എന്ന് വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത ശുപാർശയിൻമേൽ എന്തു നടപടി കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഇതിന്മേൽ ജീവനക്കാരുടെ സംഘടനകളുമായും ട്രേഡ് യൂണിയൻ പ്രതിനിധികളുമായും ചർച്ച നടത്തി പ്രസ്സുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ജി) വിശദാംശം വെളിപ്പെടുത്തുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) 1997 ഫെബ്രുവരി മാസത്തിലാണ് കമ്മിറ്റിയെ നിയമിച്ചത്. കർണ്ണാടക പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി ഡയറക്ടർ ശ്രീ.എച്ച്. ഗംഗയ്യ ചെയർമാനായും ഗവൺമെന്റ് പ്രസ്സുകളുടെ മുൻ സൂപ്രണ്ട് ശ്രീ. കെ. സ്വാമിനാഥൻ, എച്ച്.എം.ടി. കമ്പനിയുടെ ജനറൽ മാനേജർ ശ്രീ. കെ. രാംകുമാർ

LIBRARY ARCHIVES Kerala Legislative Assembly

എന്നിവർ അംഗങ്ങളായും ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ട് കൺവീനറു മായ സമിതിയെയാണ് സർക്കാർ നിയമിച്ചത്.

(സി) ഉണ്ട്.

(ഡി) ശുപാർശകളുടെ സംക്ഷിപ്ത രൂപം അനുബന്ധമായി ചേർത്തി രിക്കുന്നു.†

(ഇ) ശുപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു.

(എഫ്) &(ജി) ചർച്ച നടത്തുന്നതാണ്.

20 (*250) ആസ്ട്രേലിയൻ സഹായത്തോടെ മത്സ്യക്കൃഷി

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി :
ശ്രീ. മാമ്മൻ മത്തായി :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ':

(എ) ആസ്ട്രേലിയൻ സർക്കാരിന്റെ സഹായത്തോടെ സംസ്ഥാ നത്ത് മത്സ്യക്കുഞ്ഞു വളർത്തൽ കേന്ദ്രം ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കടലിൽ മത്സ്യ ക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതിയാരംഭിച്ചിട്ടുണ്ടോ;

(ഡി) "സീറാഞ്ചിംഗ്" പദ്ധതിയുടെ ഫലമായി മത്സ്യത്തൊഴിലാളി കൾക്ക് എന്തൊക്കെ നേട്ടങ്ങളുണ്ടായിയെന്ന് വ്യക്തമാക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃ ഷ്ണൻ) :

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഉണ്ട്.

(ഡി) അമിത ചൂഷണം മൂലം നാശോൻമുഖമായി കൊണ്ടിരിക്കുന്ന കടൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതുവഴി മത്സ്യത്തൊഴിലാളികൾക്കു നേട്ട മുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

21 (*251) തിരുവനന്തപുരം-കൊല്ലം ജലപാത

ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. പാലോട് രവി :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† അനുബന്ധം - II

LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ല

76. പൊയിലിക്കോട്ട

77. ചന്ദ്രഗിരിക്കോട്ട

78. പീലിക്കോട് ഗുഹ

വയനാട് ജില്ല

79. വീരപഴശ്ശിയുടെ ശവകുടീരം

80. എടയ്ക്കൽ ഗുഹ

മലപ്പുറം ജില്ല

81. ശ്രീ വെങ്കിടത്തേവർ ക്ഷേത്രം - കോട്ടയ്ക്കൽ

കണ്ണൂർ ജില്ല

82. എഴിമല കോട്ട

83. തോടീക്കുളം ശിവക്ഷേത്രം - കണ്ണവം

കന്യാകുമാരി ജില്ല -തമിഴ്നാട്

84. പത്മനാഭപുരം കൊട്ടാരം - തക്കല

അനുബന്ധം - II

1.7.1999-ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 19 (*249) ദയവായി കാണുക

SUMMARY OF RECOMMENDATIONS

Committee recommends:-

1. Demolition of the old structures in the central press.
2. To abolish the Stamp Manufactory Printing Unit.
3. To shift the present publication unit to the stamp manufactory building.
4. Classify Government Presses and allott works according to classification to suit the installed machinery.
5. Partly Gazette publication in time and also to introduce publication of district Gazettes.
6. Installation of DTP stage by stage in all presses to replace hand composing.
7. Installation of Modern binding machinery to achieve speed production.
8. Installation of Modern Offset printing in 'A' and 'B' classified presses stage by stage.
9. Undertaking of printing of Text Books in 'A' category presses.
10. Adopting strict scrutiny of indance for forms and to conomize usages.
11. Stoppage of opening of further District Forms Stores.
12. Opening of Pakka Mechanical Central workshop for proper maintenance of machines.
13. Revision of Schedule of an outern for evaluation of time sheets of workment.
14. Revision of Cadre and Recruitment rules to ensure better qualified persons enter into various technical cadre.

LIBRARY ARCHIVES Kerala Legislative Assembly

15. Disposal of old and obsolete Machinery in stages.
16. Disposal of accumulated old type metal stage by stage with the introduction of DTP.
17. Consideration of opening of District press at Kasargod for printing on minority language publications, Text Books etc, expecially in Kannada,
18. Suggest Purchase of machines to suit the conditions of work in each press.
19. Training of personnel in the modern printing and allied presses both internal and outside.
20. Introduction of incentives and Rationalisation of overtime in all the presses and to centralise ordering of OT and regulate expenditure by Government.
21. Discontinuence of opening of Parallel Govt. Presses by Govt. Departments as well as quasi Govt. Organisations.
22. Introduction of two shift system in A & B category presses viz Mannanthala, and Vazhoor press.

അനുബന്ധം - III

01.07.1999-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 55(1161) മറുപടി കാണുക

LIST OF CHECK DAMS COMPLETED

Sl No.	District	Name of Work	Present Stage
1	Kollam	Construction of Check dam across Ithikkara river near Vellinallur temple in Kalluvathukal pt.	Completed
2	Kottayam	Construction of Check dam across Poonjar river at Chennad in Erattupetta pt.	Completed
3	Kottayam	Construction of Check dam across Pullakayar near Chappathu in Koottical Panchayat.	Completed
4	Kottayam	Construction of Check dam across Poonjar thodu to the U/S of Nathana bridge in Poonjar Thekkekara panchayath.	Completed
5	Kottayam	Construction of Check dam across Meenachil river at kidangoor panchayath.	Completed
6	Ernakulam	Construction of Check dam cum bridge in Uzhavoorthodu in Thiruvarady panchayath near Velladippalam in Kakkoor.	Completed
7	Palakkad	Construction of Check dam in Varattayar at ch 9/300 km for Anapur weir	Completed
8	Palakkad	Construction of dam in Varattayar at ch 11/390 km Anapur weir	Completed
9	Palakkad	Construction of Check dam in Varattayar at ch 3/150 km Anapur weir.	Completed
10	Palakkad	Construction of Check dam in Varattayar at ch 4/620 km Anapur weir	Completed
11	Palakkad	Construction of Check dam in Varattayar at ch 8/419 km Anapur weir	Completed
12	Palakkad	Construction of Check dam in Varattayar at ch 4/110 km Anapur weir	Completed
13	Palakkad	Construction of Check dam in Varattayar at ch 10/890 km Anapur weir	Completed
14	Palakkad	Construction of Check dam in Varattayar at ch 12/470 km Anapur weir	Completed

LIBRARY ARCHIVES Kerala Legislative Assembly